ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള റോഡുപണികളിൽ വ്യാജ ടാർ ബില്ലുകൾ ഉപയോഗിച്ച് തട്ടിപ്പ് നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) റോഡുപണികൾക്കാവശ്യമായ ടാർ നൽകുന്നതിനുള്ള അംഗീകൃത സ്ഥാപനം ഐ.ഒ.സി. ആണോ;

(ഡി) പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇടനിലക്കാർ വഴി ടാർ വാങ്ങുമ്പോൾ കൂടിയ വില രേഖപ്പെടുത്തിയ വ്യാജ ബില്ലുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സതേൺ ട്രേഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനം നിലവിലില്ലെങ്കിലും അവരാണ് പാലക്കാട് ജില്ലയിൽ ലക്കിടി, പേരൂർ പഞ്ചായത്തുൾപ്പെടെയുള്ള നിരവധി പഞ്ചായത്തുകൾക്ക് 1997-98 സാമ്പത്തിക വർഷത്തിൽ ബില്ല് നൽകിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം ഈ ക്രമക്കേട് ചൂണ്ടിക്കാട്ടിയിട്ടും സർക്കാർ ഇതുവരെ നടപടിയൊന്നും സ്വീകരിക്കാത്തതിന്റെ കാരണമെന്താണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(എഫ്) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാനത്തെ നഗരങ്ങളുടെ വികസനം

66 (1427) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളത്തിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളുടെ വികസനത്തിന് ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിനായി എന്തെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഇല്ലെങ്കിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ നഗരങ്ങളുടെ വികസനത്തിനായി ഫണ്ട് സ്വരൂപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) ഇക്കാര്യത്തിൽ വിവിധ വികസന അതോറിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിൽ തിരുവനന്തപുരം ഉൾപ്പെടെ 15 നഗര പ്രദേശങ്ങളുടെ ആസൂത്രിത വികസനത്തിനായി സമഗ്രവികസന രൂപരേഖയിലെ വിവിധ പദ്ധതികൾ വിവിധ വകുപ്പുകൾ നടപ്പിലാക്കി വരുന്നു. കൂടാതെ നാലു നഗരപ്രദേശങ്ങളുടെ സമഗ്ര രൂപരേഖ സർക്കാർ അംഗീകാരത്തോടുകൂടി നഗരസഭകളും വികസന അതോറിറ്റികളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ആദ്യവർഷം പ്രാദേശിക വികസനത്തിനായി ഉപാധിരഹിത ഫണ്ട് നഗരങ്ങൾ ഉൾപ്പെടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അനുവദിക്കുകയുണ്ടായി. കഴിഞ്ഞ മൂന്നു വർഷക്കാലമായി പദ്ധതി വിഹിതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടു നൽകി വരുന്നു. ഇത് ഉപയോഗിച്ച് വിവിധ വികസന പ്രവർത്തനങ്ങൾ തിരുവനന്തപുരം നഗരസഭ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കിവരികയാണ്, ഇതിന് പുറമെ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം നഗരവികസന അതോറിറ്റികൾക്ക് പ്രതിവർഷം 1 കോടി രൂപ വീതം വായ്പയും, പ്രത്യേകപദ്ധതികൾക്കായി ധനസഹായവും നൽകുന്നുണ്ട്.

(ബി)&(സി) തിരുവനന്തപുരം നഗരപ്രദേശത്തിന് വേണ്ടി നഗരഗ്രാമ ആസൂത്രണ വകുപ്പ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാനിലെ വിവിധ പദ്ധതികൾ വിവിധ വകുപ്പുകളും തിരുവനന്തപുരം നഗരസഭയും തിരുവനന്തപുരം വികസന അതോറിറ്റിയും നടപ്പാക്കിവരുന്നു. പുതുക്കിയ മാസ്റ്റർ പ്ലാൻ 21.4.1993ന് തിരുവനന്തപുരം വികസന അതോറിറ്റി സർക്കാർ അനുമതിയോടുകൂടി പ്രസിദ്ധീകരിക്കുകയും ചെയ്തു. പൊതു ജനങ്ങളുടെ ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിച്ചു മാറ്റങ്ങൾ വരുത്തി പുനഃപ്രസിദ്ധീകരിക്കുന്നതിനുവേണ്ടി പുതുക്കിതയ്യാറാക്കിവരുന്നു. തല സ്ഥാന നഗരി എന്ന പരിഗണന നൽകി സർക്കാർ തിരുവനന്തപുരത്തിന്റെ വികസനത്തിനുവേണ്ടി പ്രത്യേക ധനസഹായം തിരുവനന്തപുരം വികസന അതോറിറ്റിക്ക് നൽകി വരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ)&(എഫ്) പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശമൊന്നും നിലവിലില്ല. എന്നാൽ കേരള നഗര വികസന ധനകാര്യ കോർപ്പറേഷൻ മുഖേന കൂടുതൽ വായ്പ നഗരസഭകൾക്ക് നൽകാൻ പരിപാടിയുണ്ട്.

(ജി)&(എച്ച്) ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും കാലാകാലങ്ങളിൽ വികസന അതോറിറ്റികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും. നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. ഇതിന്റെ ഭാഗമായി കാര്യമായ പ്രവർത്തനങ്ങളില്ലാത്ത കാസർഗോഡ്, കണ്ണൂർ, ആലപ്പുഴ, കോട്ടയം, വികസന അതോറിറ്റികൾ നിർത്തലാക്കുകയുണ്ടായി.

ജനകീയാസൂത്രണത്തിൽ വിവര സാങ്കേതിക വിദ്യയ്ക്കുള്ള പങ്ക്

67 (1428) ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly